KSEB

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956 -ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
CIN:U40100KL2011SGC027424
രജിസ്റ്റേർഡ് ഓഫീസ് : വൈദ്യുതി ഭവനം, പട്ടം ,
തിരുവനന്തപുരം -695004 , കേരളം.
ഫോൺ : +91471 2514472 2514527 2514455 2514608
വെബ് : www.kseb.in ഇ-മെയിൽ poksеb@gmail.com

## സംഗ്രഹം

കോവിഡ് - 19 പകർച്ച വ്യാധിയുടെ പശ്ചാതലത്തിൽ സംസ്ഥാനത്ത് ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഒരു ഭാഗം താല്കാലികമായി മാറ്റിവച്ച് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച നിയമനിർമ്മാണം കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്

---

## കോർപ്പറേറ്റ് ഓഫീസ് (പേഴ്സണൽ)

ഓഫീസ് ഓർഡർ (സി.എം.ഡി)നം. 699/2020(പി.എസ്.1(ബി)/69/2019 തിരുവനന്തപുരം.

തീയതി : 02.05.2020

---

പരാമർശം : 1) ഓർഡിനൻസ് നം. 30/2020 (No.6936/Leg. A1/2020/Law dated 30.04.2020.
2) സ.ഉ.(അച്ചടി) നം. 53/2020/ധന. തീയതി 30.04.2020.

## ഉത്തരവ്

കോവിഡ് - 19 പകർച്ചവ്യാധിയുടെ വ്യാപനം മൂലം സംസ്ഥാനത്തുണ്ടായ സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രതിമാസ ശമ്പളത്തിന്റെ 25% വരെ താൽക്കാലികമായും മാറ്റിവയ്ക്കുവാൻ സംസ്ഥാന സർക്കാരിനെ അധികാരപ്പെടുത്തി സൂചന (1) പ്രകാരം ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും പ്രതിമാസ ശമ്പളത്തിൽ നിന്നും ആറ് ദിവസത്തെ ശമ്പളം വീതം ഏപ്രിൽ 2020 മുതൽ ആഗസ്റ്റ് 2020 വരെയുള്ള കാലയളവിൽ വിതരണം ചെയ്യാതെ മാറ്റിവയ്ക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് സൂചന (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

മേൽ സർക്കാർ ഉത്തരവ് സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾക്കും ബാധകമാക്കിയിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ കെ.എസ്.ഇ.ബി ലിമിറ്റഡിനും ബാധകമാക്കി ഉത്തരവാകുന്നു. ഇങ്ങനെ മാറ്റിവയ്ക്കപ്പെടുന്ന ശമ്പളം തിരിച്ചുകൊടുക്കുന്നത് സംബന്ധിച്ച് സംസ്ഥാന സർക്കാർ തീരുമാനമെടുക്കുന്ന മുറയ്ക്ക് KSEB Ltd - ൽ നടപ്പാക്കുന്നതാണ്. ഇത് സംബന്ധിച്ച് ട്രഷറിയിൽ പ്രത്യേക സ്പെഷ്യൽ ട്രഷറി സേവിങ്സ് അക്കൗണ്ട് ആരംഭിക്കുന്നതിനും നിക്ഷേപം നടത്തുന്നതും സംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് ഫിനാൻഷ്യൽ അഡ്വൈസറെ ചുമതലപ്പെടുത്തുന്നു.

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ആജ്ഞാനുസരണം

ഒപ്പ്
**ഉണ്ണികൃഷ്ണൻ പി.ജി**
**സെക്രട്ടറി (ഭരണം)**

ഉള്ളടക്കം :- G.O (P) No.53/2020/Fin dated 30.04.2020.

പകർപ്പ് :-

എല്ലാ ചീഫ് എഞ്ചിനീയർ മാർക്കും
എല്ലാ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ മാർക്കും.

എല്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയർ മാർക്കും.
ടി. എ ടു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
പി. എ ടു ഡയറക്ടർ (ഫിനാൻസ്)
ടി. എ ടു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ, ഐ.റ്റി & എച്ച്. ആർ.എം)
ടി. എ ടു ഡയറക്ടർ (ട്രാൻസ്മിഷൻ, എസ്.ഒ, സി.പി, ആർ.ഇ.ഇ.എസ് & സേഫ്റ്റി)
ടി. എ ടു ഡയറക്ടർ {ജനറേഷൻ (ഇലക്ട്രിക്കൽ) & എസ്.സി.എം}
ടി. എ ടു ഡയറക്ടർ {ജനറേഷൻ (സിവിൽ)}
കമ്പനി സെക്രട്ടറി ഇൻ ചാർജ്ജ്
സി. എ ടു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫിനാൻഷ്യൽ അഡ്വൈസർ / ചീഫ് ഇന്റേണൽ ഓഡിറ്റർ
ലീഗൽ അഡ്വൈസർ & ഡിസിപ്ലിനറി എൻക്വയറി ഓഫീസർ
ചീഫ് വിജിലൻസ് ഓഫീസർ / ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി)/
ചീഫ് പബ്ലിക് റിലേഷൻ ഓഫീസർ /ഡെപ്യൂട്ടി സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ)
ഫെയർ കോപ്പി സൂപ്രണ്ട് / റിക്കോർഡ് സെക്ഷൻ / ലൈബ്രറി/സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം
2/05/2020
സീനിയർ സൂപ്രണ്ട്